4. നെല്ല് സംഭരണം

5. ഭൂരപരിധിയില്ലാതെയുള്ള സൗജന്യ വൈദ്യുതി

6. സബ്സിഡി നിരക്കിലുള്ള നെൽവിത്തു വിതരണം

7. പരിശരഹിത വായ്പ

8. ഉത്പാദന ബോണസ് ഉൾപ്പെടെ വിവിധ സാമ്പത്തിക സഹായങ്ങൾ

(ബി) പാഡി മിഷൻ വിവിധ നെല്ലുത്പാദന പദ്ധതികൾ ഏകോപിപ്പിക്കുകയും ആവശ്യമായ പ്രോജക്ടുകൾ തയ്യാറാക്കുകയുമാണ് ചെയ്യുന്നത്.

(സി) ഇപ്പോൾ നെല്ലിന്റെ താങ്ങുവില കിലോഗ്രാമിന് 12 രൂപയാണ്. ഈ തുക വർദ്ധിപ്പിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(ഡി&ഇ) ഗുണമേന്മയുള്ള നെൽവിത്ത് ഉത്പാദിപ്പിച്ച് യഥാസമയം ലഭ്യമാക്കുന്നതിന് സംസ്ഥാന സീഡ് അതോറിറ്റിയ്ക്ക് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഗുണമേന്മയുള്ള വിത്ത് ഉത്പാദിപ്പിക്കുന്നതിനും ശാസ്ത്രീയ കൃഷിരീതികൾ നടപ്പിലാക്കുന്നതിനും കർഷകർക്ക് പരിശീലനം നൽകുക, കർഷക പങ്കാളിത്തത്തോടെ പ്രദർശനത്തോട്ടങ്ങൾ സജ്ജീകരിക്കുക, കാർഷിക യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും അവയുടെ പരിപാലനത്തിനുമായി വേണ്ടർ ഗ്രൂപ്പുകൾക്ക് രൂപം നൽകുക, സംയോജിത വളപ്രയോഗം, സംയോജിത കീടനിയന്ത്രണം എന്നിവ ഗ്രൂപ്പടിസ്ഥാനത്തിൽ അവലംബിക്കുക, ഒറ്റഞാർ കൃഷി സമ്പ്രദായം പരമാവധി പ്രയോജനപ്പെടുത്തുക എന്നിവയാണ് പരിഗണനയിലുള്ളത്.

കരനെൽകൃഷി

226 (4303) ശ്രീ. യു. സി. രാമൻ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയിരം ഹെക്ടറിൽ കരനെൽക്കൃഷി വ്യാപിപ്പിക്കുവാൻ ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്തെ ഏതൊക്കെ പഞ്ചായത്തുകളിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത് ;

(സി) ഇതിനാവശ്യമായ വിത്തു ശേഖരിച്ച് വിതരണം നടത്തിയിട്ടുണ്ടോ ?

ഉത്തരം

(എ&ബി) 2009-10 സാമ്പത്തിക വർഷത്തെ സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് കരനെൽക്കൃഷി പദ്ധതിക്ക് തുടക്കം കുറിച്ചത്. ടി കൃഷിക്കാവശ്യമായ വിത്ത് സൗജന്യമായും മറ്റ് ഉത്പാദന ഉപാധികൾ സബ്സിഡി നിരക്കിലും ലഭ്യമാക്കുന്നതിനായി ഹെക്ടറിന്

LIBRARY ARCHIVES Kerala Legislative Assembly

5,000 രൂപ ധനസഹായം നൽകിക്കൊണ്ടാണ് പദ്ധതി നടപ്പിലാക്കിയത്. എറണാകുളം, മലപ്പുറം, വയനാട് ജില്ലകൾ ഒഴികെയുള്ള എല്ലാ ജില്ലകളിലും കരനെൽക്കൃഷിക്ക് സാധ്യതയുള്ള എല്ലാ പഞ്ചായത്തുകളും കേന്ദ്രീകരിച്ചാണ് പദ്ധതി നടപ്പിലാക്കിയത്. കേരള കാർഷിക സർവ്വകലാശാല, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ തുടങ്ങിയ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെയും സ്കൂൾ വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ടും പദ്ധതി നടപ്പിലാക്കുകയുണ്ടായി. സംസ്ഥാനത്തൊട്ടാകെ 1029 ഹെക്ടറിൽ പദ്ധതിയുടെ നേട്ടം കൈവരിക്കാനായിട്ടുണ്ട്.

(സി) കരനെൽക്കൃഷി പദ്ധതി നടപ്പിലാക്കാനാവശ്യമായ വിത്ത് മുഖ്യമായും സംസ്ഥാന സീഡ് അതോറിറ്റി വഴിയാണ് വിതരണം നടത്തിയിട്ടുള്ളത്. കാർഷിക സർവ്വകലാശാല, നാഷണൽ സീഡ് കോർപ്പറേഷൻ എന്നിവരുടെ സഹകരണവും ഇതിലേക്കായി സംസ്ഥാന സീഡ് അതോറിറ്റിക്ക് ലഭിച്ചിട്ടുണ്ട്.

നടപ്പു സാമ്പത്തിക വർഷം സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതി, ആർ.കെ.വി.വൈ പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി 12000 ഹെക്ടറിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പച്ചത്തേങ്ങ സംഭരണം

227 (4309) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഫെഡ് വഴി കേന്ദ്ര വിഹിതം ലഭ്യമായിട്ടും സംസ്ഥാനത്ത് പച്ചത്തേങ്ങ സംഭരണം വേണ്ടത്ര കാര്യക്ഷമമാകാത്തതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) കൺസ്യൂമർ ഫെഡിന് ഈ സീസണിൽ ഇതുവരെ സംഭരിക്കാനായ പച്ചത്തേങ്ങ എത്ര ടൺ ; കൊപ്രയാക്കി നാഫെഡിനു നൽകാനായത് എത്ര ടൺ എന്ന് വ്യക്തമാക്കാമോ ;

(സി) കൺസ്യൂമർഫെഡ് കൂടാതെ മറ്റ് ഏതെങ്കിലും ഏജൻസി സംസ്ഥാനത്ത് പച്ചത്തേങ്ങ സംഭരണം നടത്തിയോയെന്ന് വെളിപ്പെടുത്തുമോ;

(ഡി) സഹകരണ ബാങ്കുകളിൽ നിന്നും മറ്റും ലഭിക്കുമെന്ന് പ്രതീക്ഷിച്ച പണം യഥാസമയം ലഭിക്കാത്തത് സംഭരണത്തെ പ്രതികൂലമായി ബാധിക്കുകയുണ്ടായോയെന്ന് വ്യക്തമാക്കുമോ ;

(ഇ) പച്ചത്തേങ്ങ കൊപ്രയാക്കുവാനുള്ള സംവിധാനം കൺസ്യൂമർ ഫെഡിന് നിലവിലുണ്ടോ ; ഇല്ലെങ്കിൽ ഇത് സംഭരണത്തെ പ്രതികൂലമായി ബാധിക്കില്ലേയെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) വരും വർഷങ്ങളിൽ സംഭരണം മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly